**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 552** **23-07-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ അക്വാ ടൂറിസം മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ മത്സ്യഫെഡിന്റെ കീഴിലുള്ള ഞാറക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെന്ററുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; | (എ) | മാസ്റ്റർ പ്ലാനും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിനായി GITPAC International (Great India Tourism Planners and Consultant – A Division of Airtravel Enterprise India) എന്ന കൺസൾട്ടൻസിയുമായി 10.01.2019 ൽ മത്സ്യഫെഡ് കരാറിലേർപ്പെട്ടിരുന്നു. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | മാസ്റ്റർ പ്ലാൻ പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | 1) ഞാറയ്ക്കൽ അക്വാ ടൂറിസം സെൻറർ, ആരംഭിക്കുന്ന അതിർത്തി മുതൽ സെന്ററിന്റെ കവാടം വരെ റോഡിന്റെ ഇരുവശങ്ങളിലും തണൽ മരങ്ങൾ വെച്ചു പിടിപ്പിക്കുകയും ഇരിപ്പിടങ്ങൾ സ്ഥാപിക്കുകയും ചെയ്യുക 2) കലാപരമായ രീതിയിൽ നിർമ്മിക്കുന്ന ടൂറിസം ഇൻഫർമേഷൻ സെൻററും റിസപ്ഷനും സ്ഥാപിക്കുക. 3) ലോകോത്തര നിലവാരത്തിലുള്ള നൂതനമായ ടൂറിസം ഉപാധികൾ അവതരിപ്പിക്കുക. 4) അക്വാ ടൂറിസം സെൻററിനു പുറത്ത് സഞ്ചാരികൾക്ക് ഇരുന്ന് വിശ്രമിയ്ക്കുവാനായി തണൽ മരങ്ങളും, ഇരിപ്പിടങ്ങളും ഒരുക്കുക. 5) കൂടുതൽ പച്ചപ്പുണ്ടാക്കി ആകർഷകമാക്കുക. 6) വൈവിധ്യമാർന്ന ഭക്ഷണം ലഭിക്കുന്ന രീതിയിൽ ധാരാളം ലഘുഭക്ഷണ ശാലകൾ നിർമ്മിക്കുക. 7) ജലാശയത്തിൽ റെസ്റ്റോറൻറ് സ്ഥാപിക്കുക. 8) ഓഫീസ് കം മിനി കോൺഫറൻസ് ഹാൾ നിർമ്മിക്കുക. 9) ഫാമിനു ചുറ്റും നടന്നു കാണുവാൻ വീതിയുള്ള നടപ്പാതകൾ നിർമ്മിക്കുക. 10) കുട്ടികൾക്ക് ഉല്ലസിക്കുവാനായി വാട്ടർ ഗെയിമുകൾ ഏർപ്പെടുത്തുക. 11) ഭക്ഷണം ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന നൂതനമായ ടൂറിസം പാക്കേജുകൾ അവതരിപ്പിക്കുക. 12) ഞാറയ്ക്കലിൽ നിന്നും മാലിപ്പുറത്തേയ്ക്ക് ജലമാർഗ്ഗം വഴി പോകുന്നതിനായി ആവശ്യമായ ഡ്രെഡ്ജിംഗ് ചെയ്ത് ചാൽ ശരിയാക്കുക. 13) മാലിപ്പുറം ഫാമിലെ കണ്ടൽ |

| | | | |
|---|---|---|---|
| | | | പാർക്ക് നവീകരിക്കുക 14) മാലിപ്പുറം ഫാമിന്റെ കവാടത്തിന് വലതുവശത്തായി സന്ദർശകർക്ക് വിശ്രമിക്കുവാൻ ഉതകുന്ന മിനി പാർക്ക് സ്ഥാപിക്കുക. 15) മാലിപ്പുറത്തെ റിസപ്ഷൻ കൗണ്ടർ വികസിപ്പിക്കുക. 16) മാലിപ്പുറത്ത് കവാടത്ത് നിന്നും ടൂറിസം മേഖലയിലേയ്ക്കുള്ള പാത ടൈൽസ് വിരിച്ച് ഭംഗിയാക്കുക. 17) ഞാറയ്ക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെൻററുകളിലെ ബോട്ടുജെട്ടികൾ നവീകരിക്കുക. 18) പാലൂട്ടുന്ന അമ്മമാർക്കായി ഫീഡിംഗ് റൂം സ്ഥാപിക്കുക. 19) പ്രായമായവർക്ക് വിശ്രമിക്കുവാനായി വിശ്രമമുറികൾ സ്ഥാപിക്കുക. 20) അംഗപരിമിതരായവർക്ക് പ്രത്യേക സൗകര്യങ്ങൾ ഒരുക്കുക. 21) മാലിപ്പുറത്ത് ഓഫീസ്/ കോൺഫറൻസ് ഹാൾ സ്ഥാപിക്കുക. 22) ഞാറയ്ക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെൻററുകളിലെ കാർ പാർക്കിംഗ് ഏരിയ വിപുലീകരിക്കുക. 23) രണ്ട് അക്വാ ടൂറിസം സെൻററുകളിലും ജലാശയത്തിലേക്ക് തള്ളി നിൽക്കുന്ന ചെറിയ വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കുക. 24) രണ്ട് അക്വാടൂറിസം സെൻററുകളിലും ടോയിലറ്റ് കോംപ്ലക്സ് സ്ഥാപിക്കുക. |
| (സി) | മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | മാസ്റ്റർ പ്ലാൻ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി GITPAC International (Great India Tourism Planners and Consultant – A Division of Airtravel Enterprise India) എന്ന കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്. |
| (ഡി) | ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | ഇല്ലെങ്കിൽ പ്രാധാന്യം കണക്കിലെടുത്ത് തുക വകയിരുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ടൂറിസം വകുപ്പിൽ നിന്നോ NCDCതുടങ്ങിയ ഏജൻസികളിൽ നിന്നോ ഫണ്ട് കണ്ടെത്താമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ